പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **5398** **28.07. 2015-** ലെ മറുപടി

**നോർക്കാ റൂട്ട്സ് ന്റെ സാന്ത്വന പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ. പി.സി വിഷ്ണുനാഥ്<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. വി.റ്റി.ബൽറാം | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ) നോർക്കാ റൂട്ട്സ് സാന്ത്വന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി)എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) വിദേശത്തു നിന്നും തിരികെയെത്തിയ നിർദ്ധനരായ പ്രവാസി കുടുംബാംഗങ്ങളെ അത്യാവശ്യ ഘട്ടങ്ങളിൽ സാമ്പത്തികമായി സഹായിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സാന്ത്വന പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പ്രവാസി മലയാളികളുടെ/ അവരുടെ അടുത്ത കുടുംബാംഗങ്ങളുടെ ചികിത്സയ്ക്കും പെൺമക്കളുടെ വിവാഹാവശ്യത്തിനും, കുടുംബാംഗങ്ങൾക്ക് വീൽചെയർ, ക്രച്ചസ് എന്നിവ വാങ്ങുന്നതിനും, മരണപ്പെട്ട പ്രവാസിയുടെ അനന്തരാവകാശികൾക്ക് മരണാനന്തര സഹായവും നോർക്കാ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും സാന്ത്വന പദ്ധതി പ്രകാരം സാമ്പത്തിക സഹായമായി നൽകി വരുന്നു. |
| സി)ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | സി)ഓരോ സാമ്പത്തിക വർഷത്തിലും ബഡ്ജറ്റിലുൾപ്പെടുത്തി ഫണ്ട് അനുവദിച്ചു നൽകുന്നുണ്ട്. 2015 – 16 സാമ്പത്തിക വർഷത്തിൽ 3.07 കോടി രൂപയാണ് സാന്ത്വന പദ്ധതിയിലേക്ക് വകയിരുത്തിയിരിക്കുന്നത്. മരണാനന്തര സഹായം പരമാവധി 1,00,000/- രൂപയും, ചികിത്സാ സഹായം പരമാവധി 50,000/- രൂപയും വിവാഹ സഹായം പരമാവധി 15,000/- രൂപയും വീൽചെയർ, ക്രച്ചസ് എന്നിവ വാങ്ങുന്നതിന് 10,000/- രൂപയും എന്നിങ്ങനെ ഈ പദ്ധതിയിലൂടെ സഹായം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ